**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5654** | | **18.11.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്** | |
| **നാലു ചക്രവാഹനമുള്ളവർക്ക് ക്ഷേമപെൻഷൻ നിഷേധിക്കുന്ന നടപടി** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എം. സ്വരാജ്** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | തീവ്ര ശാരീരിക വൈകല്യം നേരിടുന്നവർക്ക് സ്വന്തമായി നാലുചക്രവാഹനം ഉണ്ടെന്ന കാരണത്താൽ ക്ഷേമ പെൻഷന് അർഹതയുള്ളവരുടെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുളള നാലും അതിൽ കൂടുതലും ചക്രങ്ങളുളള (അംബാസിഡർ കാർ ഒഴികെ) ടാക്സിയല്ലാത്ത വാഹനം സ്വന്തം പേരിൽ ഉളളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയില്ല എന്ന് ഉത്തരവായിരുന്നു. ഇത് വികലാംഗ പെൻഷൻ ഗുണഭോക്താക്കൾക്കും ബാധകമാണ്. ഇത്തരത്തിലുളള ഗുണഭോക്താക്കളെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | തീവ്രമായ വൈകല്യം അനുഭവിക്കുന്നവർക്ക് പൊതു ഗതാഗത സൗകര്യത്തെ ആശ്രയിക്കുന്നത് ഒട്ടേറെ പ്രയാസങ്ങൾ ഉണ്ടാക്കുമെന്നതിനാൽ അവർക്ക് നാലു ചക്രവാഹനത്തിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി), (സി) & (ഡി) | വളരെ ഉയർന്ന ജീവിത സാഹചര്യം ഉളളവരും സാമൂഹ്യ സുരക്ഷാ പെൻഷന്റെ സഹായമില്ലാതെ തന്നെ ജീവിതം മുന്നോട്ട് നയിക്കാൻ കഴിയുന്നവരും അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നത് തടയുന്നതിന്റെ ഭാഗമായാണ് മേൽപറഞ്ഞ നിയന്ത്രണം കൊണ്ടു വന്നത്. 1000 സി സിയിൽ താഴെ എഞ്ചിൻ കപ്പാസിറ്റിയുളള വാഹനം സ്വന്തമായുളള വ്യക്തി മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹനാണെങ്കിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് തടസ്സമില്ല. |
| (സി) | വീൽചെയറിൽ യാത്ര ചെയ്യുന്നവർക്ക് സ്വന്തമായി നാലു ചക്രവാഹനമുണ്ടെന്ന പേരിൽ ക്ഷേമപെൻഷൻ നിഷേധിക്കുന്ന നടപടി പുന:പരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ; | | |
| (ഡി) | എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ